നമ്പർ: എ.ഡി.എൽ(5)58888/2008 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 29.01.2009

## സർക്കുലർ നമ്പർ : 5/2009

വിഷയം:- സഹകരണ വകുപ്പ് -"സഹകരണ നവരത്നം കേരളീയം" - കുടിശ്ശിക നിവാരണം - "ശതശതമാനം കേരളീയം - നഷ്ടനിവാരണം കേരളീയം 2009" - മാർഗ്ഗരേഖകളുടെ വിശദീകരണം സംബന്ധിച്ച്.

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 08.01..2008 - ലെ 1/2009-ാം നമ്പർ സർക്കുലർ.

..............

"ശതശതമാനം കേരളീയം നഷ്ട നിവാരണം കേരളീയം 2009" - പദ്ധതി നടപ്പാക്കുന്നതിന് സൂചന സർക്കുലർ പ്രകാരമുള്ള മാർഗ്ഗ രേഖകളിൽ ഇളവുകളെയും കാലയളവിനെ സംബന്ധിച്ചും ഉയർന്ന് വന്നിട്ടുള്ള സംശയങ്ങൾ ദൂരികരിക്കുന്നതിനും 1/2009-ാം നമ്പർ സർക്കുലർ ഖണ്ഡിക (3) (i) (ii) എന്നിവയിലെ വ്യവസ്ഥകൾ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടും ടി സർക്കുലറിൽ തന്നെ 3(iii) 3(a) എന്നിവ പുതിയ മാർഗ്ഗരേഖകൾ ഉൾപ്പെടുത്തിക്കൊണ്ടും പരിഷ്ക്കരിച്ച സർക്കുലർ താഴെ പറയുംപ്രകാരം പുറപ്പെടുവിക്കുന്നു.

**മാർഗ്ഗ നിർദ്ദേശങ്ങൾ :**

i) 5 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാക്കാലയളവിലുള്ള അതാതു കാലം സ്ഥിരം നിക്ഷേപങ്ങൾക്ക് അനുവദിച്ച് നൽകിയ നിരക്കിലുള്ള പലിശയും അപ്രകാരം കണക്കാക്കിയ ആകെ പലിശയുടെ 10% ഭരണചിലവിനത്തിലും ഈടാക്കാവുന്നതാണ്.

ഒരു ലക്ഷംവരെയുള്ള വായ്പകൾക്ക് മേൽ പറഞ്ഞ പ്രകാരം കണക്കാക്കിയ പലിശ തുകയുടെ 4%വും ഒരു ലക്ഷത്തിന് മേൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പലിശ തുകയുടെ 2%വും പ്രത്യേക ഇളവായി അനുവദിക്കാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും പലിശ മുതലിനെക്കാൾ അധികരിക്കാൻപാടുള്ളതല്ല

ii) 5 ലക്ഷത്തിനുമുകളിലുള്ള വായ്പകൾക്ക് മുതലും മുതലിന് തുല്യം പലിശയും പലിശയുടെ 50% ഭരണച്ചെലവും കൂടി ചേർത്തുള്ള തുക അല്ലെങ്കിൽ വായ്പ കാലയളവിൽ വായ്പ തുകക്ക് സമാനമായ കാലപരിധിയിൽ സ്ഥിര നിക്ഷേപ തുകക്ക് നൽകുന്ന പലിശനിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന പലിശതുകയും അപ്രകാരം കണക്കാക്കിയ പലിശയുടെ 10% ഭരണ ചെലവും കൂടിയുള്ള തുക ഏതാണോകുറവ് അതായിരിക്കണം ഈടാക്കേണ്ടത്.

iii) മേൽപ്പറഞ്ഞവ മിതമല്ലാതെ പിഴപ്പലിശയോ മറ്റെന്തെങ്കിലും ചിലവുകളോ ഈടാക്കാൻപാടുള്ളതല്ല. എന്നാൽആർബിട്രേഷൻ/എക്സിക്യൂഷൻആവശ്യങ്ങളിൽ യഥാർത്ഥ ആർബിട്രേഷൻഫീസ്/എക്സിക്യൂഷൻ ഫീസ് മാത്രമേ ഈടാക്കാൻ പാടുള്ളൂ.

3(a) ജില്ലാ ബാങ്കുകളിൽ നിന്നും പ്രൈമറി സംഘങ്ങൾ എടുത്തിട്ടുള്ള വായ്പകളെ സംബന്ധിച്ചും മേൽഖണ്ഡിക(3) ൽ പറഞ്ഞഇളവുകൾ അനുവദിക്കേണ്ടതാണ്.

(ഒപ്പ്)
റാണിജോർജ്ജ്.ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
3. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ
4. മാനേജിംഗ്ഡയറക്ടർ/പ്രസിഡന്റ്, സംസ്ഥാനസഹകരണ കാർഷികഗ്രാമവികസന ബാങ്ക്.
5. മാനേജിംഗ് ഡയറക്ടർ/ചെയർമാൻ, സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ
6. പ്രസിഡന്റ്, ജില്ലാ പഞ്ചായത്തുകൾ
7. പ്രസിഡന്റ്/ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്കുകൾ
8. ചെയർമാൻ, സർക്കിൾ സഹകരണ യൂണിയനുകൾ
9. പ്രസിഡന്റ്/സെക്രട്ടറി, അർബൻ ബാങ്ക് ഫെഡറേഷൻ
10. പ്രസിഡന്റ്/സെക്രട്ടറി, പി.എ.സി.എസ്. അസോസിയേഷൻ
11. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ&ആഡിറ്റ്) വാല്യൂവേഷൻ ആഫീസർമാർക്കും.
12. ഈആഫീസിലെ എല്ലാഅഡീഷണൽരജിസ്ട്രാർമാർക്കും സെക്ഷനുകൾക്കും
13. രജിസ്ട്രാറുടെ മേശപ്പുറത്ത്/സ്പെയർ
14. സഹകരണ വീഥി, സഹകരണ ജേർണൽ
15. സ്റ്റോക്ക് ഫയൽ
16. സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (ആഡിറ്റ്)